# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.425** **29.10.2019 -ൽ മറുപടിയ്ക്ക്**

**<u>കാരുണ്യ ബെനവലന്റ് പദ്ധതി</u>**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് പദ്ധതിയുടെ കാലാവധി 2020 വരെ ദീർഘിപ്പിച്ച നൽകാനുള്ള തീരുമാന പ്രകാരം പുതിയ അപേക്ഷകൾ സ്വീകരിക്കാൻ ജില്ലാ ലോട്ടറി ആഫീസുകളിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കാരുണ്യ ബെനവലന്റ് പദ്ധതി നടപ്പിലാക്കാൻ ചിയാക്കിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായത്തിന് അർഹരായവർക്ക് പ്രസ്തുത ചികിത്സാ സഹായം മാർച്ച് 2020 വരെ ചിയാക്ക് മുഖേന ലഭ്യമാക്കുന്നതാണ്. ആശുപത്രിയിലാണ് ടി പദ്ധതി പ്രകാരമുള്ള ചികിത്സാസഹായ അപേക്ഷകൾ സമർപ്പിക്കേണ്ടത്. |
| (ബി) | കാരുണ്യ ബെനവലന്റ് പദ്ധതിക്ക പകരം സർക്കാർ നടപ്പാക്കുന്ന കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് വകുപ്പിനാണ്; ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പുചുമതല ആരോഗ്യ കുടുംബക്ഷേമ വകുപ്പിനാണ്. കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നോഡൽ ഏജൻസിയായി ചിയാക്കിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം സംസ്ഥാനത്ത് അർഹരായ കുടുംബങ്ങൾക്ക് അഞ്ചു ലക്ഷം രൂപ വരെയുള്ള സൗജന്യ ആരോഗ്യ ചികിത്സാ സഹായം കേരളത്തിനകത്തും രാജ്യത്തും ആയുഷ്മാൻ ഭാരത് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എല്ലാ ആശുപത്രികളിലും ലഭ്യമാകും. |

സെക്ഷൻ ഓഫീസർ